## കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**


---

**പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 15 വെള്ളി**

---

# ലോക ഉപഭോക്തൃ അവകാശ ദിനമാചരിച്ചു

ആലപ്പുഴ : ലീഗൽ മെട്രോളജി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോക ഉപഭോക്തൃ അവകാശ ദിനാചരണം നടന്നു. വൈ.എം.സി.എ ഹാളിൽ നടന്ന യോഗം ആലപ്പുഴ -കൊല്ലം ജില്ലകളുടെ ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡൻറ് ജസ്റ്റിസ് ഇ. എം. മുഹമ്മദ് ഇബ്രാഹിം ഉദ്ഘാടനം ചെയ്തു.' നാം ആരെയും ചൂഷണം ചെയ്യില്ലെന്നും അറിഞ്ഞുകൊണ്ട് ചൂഷണത്തിന് വിധേയമാകില്ലെന്നും സ്വയം തീരുമാനിക്കുക' എന്നതാണ് ഈ വർഷത്തെ ഉപഭോക്തൃ ദിന സന്ദേശം. ഉപഭോക്തൃകാര്യ വകുപ്പിനും ലീഗൽമെട്രോളജി വകുപ്പിനും ജനങ്ങളുടെ ജീവിതത്തിലും ഉപഭോക്തൃ വിഷയങ്ങളിലും നല്ല സ്വാധീനം ചെലുത്താൻ കഴിയുമെന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളം ഉപഭോക്തൃ അവകാശകാര്യങ്ങളിൽ മാതൃകയാണെന്നും ഇ. എം. മുഹമ്മദ് ഇബ്രാഹിം പറഞ്ഞു.

തുടർന്ന് സീനിയർ ഇൻസ്പെക്ടർ ഷൈനി വാസവൻ ലീഗൽ മെട്രോളജി വകുപ്പും ഉപഭോക്തൃ സംരക്ഷണവും എന്ന വിഷയത്തിൽ സെമിനാർ അവതരിപ്പിച്ചു. ലീഗൽ മെട്രോളജി കൺട്രോളർ എം. ആർ ശ്രീകുമാർ അധ്യക്ഷനായി. അസിസ്റ്റൻറ് കൺട്രോളർ എസ് .ഷെയ്ക്ക് ഷിബു, ജില്ലാ സപ്ലൈ ഓഫീസർ പി .മുരളീധരൻ നായർ, അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ എസ്. അബ്ദുൽഖാദർ കുഞ്ഞ്, കൺസ്യൂമർ ഫെഡറേഷൻ ഓഫ് കേരള സ്റ്റേജ് ചെയർമാൻ കെ .ജി വിജയകുമാരൻ നായർ, കൺസ്യൂമർ പ്രൊട്ടക്ഷൻ സിറ്റിസൺസ് ഫോറം പ്രതിനിധി ജലജ എ. കെ. മേനോൻ എന്നിവർ പങ്കെടുത്തു.